# വടുതല – ചേരാനെല്ലൂർ നിവാസികൾ കുടിയൊഴിപ്പിക്കുന്നത് 'പൊതുനന്മയ്ക്കോ?'

ജിയോ ജോസ്

**കേരളത്തിന്റെ** പൊതുനന്മയ്ക്കെന്ന പേരിൽ മറ്റൊരു ജനതകൂടി കുടിയൊഴിപ്പിക്കപ്പെടുകയാണ്. വല്ലാർപ്പാടം കണ്ടയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനലിലേയ്ക്കുള്ള റെയിൽപാതയ്ക്ക് വേണ്ടിയാണ് വടുതല പ്രദേശത്ത് മാത്രം ഏതാണ്ട് 700 ഓളം കുടുംബങ്ങളെ കുടിയിറക്കുന്നത്. ഏറ്റവും കുറഞ്ഞ സാമൂഹ്യപരിസ്ഥിതി ആഘാതമുള്ള നാല് ബദൽമാർഗ്ഗങ്ങളെങ്കിലും സമരസമിതി ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ അവയൊന്നും പരിഗണിക്കാതെ റെയിൽപാത വടുതല വഴിതന്നെ കൊണ്ടുപോകാൻ അധികാരികൾ ശാഠ്യം പിടിക്കുന്നു.

നാട്ടുകാരുടെ വൻ പ്രതിഷേധം കണക്കിലെടുക്കാതെ നവംബർ 13-ന് പദ്ധതിയ്ക്കായുള്ള സ്ഥലമെടുപ്പ് സർവ്വേ വടുതലയിൽ ആരംഭിച്ചു. സംഘർഷം മുറ്റിനിന്ന ചുറ്റുപാടിൽ സ്ത്രീകളും വൃദ്ധരും അടങ്ങുന്ന ജനതയെ ബലം പ്രയോഗിച്ചാണ് പോലീസ് അവരുടെ ആവാസസ്ഥലത്തുനിന്ന് നീക്കം ചെയ്തത്. രാവിലെ പോലീസ് സർവ്വേ നടത്താൻ ഉദ്ദേശിക്കുന്ന റോഡിലൂടെ റൂട്ട് മാർച്ച് നടത്തി. ജനതയെ ഭയപ്പെടുത്തി സർവ്വേ നടത്താനുള്ള ശ്രമം നാട്ടുകാർ തടഞ്ഞു. 10 മണിയ്ക്ക് ആരംഭിച്ച ഉപരോധം അഞ്ചുമണിക്കൂറോളം നീണ്ടു. അറസ്റ്റും ഭീഷണികളും സ്റ്റേഷനിൽ തടഞ്ഞുവെയ്ക്കലും ഉണ്ടായി. പോലീസും ജനപ്രതിനിധികളും പലതവണ ചർച്ച നടന്നെങ്കിലും യാതൊരുവിധ ഒത്തുതീർപ്പിനും സമരസമിതി തയ്യാറായില്ല.

വനിതാ പോലീസിന്റെ സാന്നിദ്ധ്യമില്ലാതെ പോലീസ് നടത്തിയ ബലപ്രയോഗത്തിൽ സ്ത്രീകളുൾപ്പെടെ പലരും ആശുപത്രിയിലാണ്. വടുതല വഴിയുള്ള റെയിൽപാത ഉപേക്ഷിക്കണമെന്നും മരണംവരെ സമരം തുടരുമെന്നും സമരസമിതി പ്രസ്താവിച്ചു. എന്തുകൊണ്ടാണ് സർക്കാർ കുടിയൊഴിപ്പിക്കൽ ഒട്ടുംതന്നെയില്ലാതെ പഴയ ടാറ്റാ ഓയിൽ മിൽസിന് (ഇപ്പോൾ ഹിന്ദുസ്ഥാൻ ലിവർ) മുന്നിലൂടെയുള്ള പഴയ റെയിൽവേ പാത (ഇ.ആർ.ജി.) സ്വീകരിക്കാത്തത്? എന്താണ് സാങ്കേതിക തടസ്സം?

റിയൽ എസ്റ്റേറ്റ് ലോബിയുടെ താല്പര്യങ്ങൾക്ക്, സമ്മർദ്ദത്തിന് അധികാരികൾ വഴങ്ങുന്നു എന്നാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്. ഭരണ-പ്രതിപക്ഷകക്ഷികളിലെ എംഎൽഎമാർ ഉൾപ്പെട്ട ഉന്നതാധികാര സമിതിയുടെ തീരുമാനപ്രകാരമാണ് ഈ അലൈൻമെന്റ് തീരുമാനിച്ചിട്ടുള്ളതെന്ന് സ്ഥലം എം.എൽ.എ. കെ.വി. തോമസ് പറയുന്നു.

തിരഞ്ഞെടുപ്പിനുമുമ്പ് ഇടതുപക്ഷം സമരത്തോട് അനുഭാവം പ്രകടിപ്പിച്ചിരുന്നു. ഇപ്പോൾ അവർ അധികാരത്തിലിരിക്കുന്നു. പ്രദേശവാസിയായ സൈമൺ ബ്രിട്ടോ എം.എൽ.എ. സമരത്തിൽ സജീവമായി പങ്കെടുക്കുന്നു. എന്നിട്ടും എന്തുകൊണ്ട് ജനങ്ങൾക്ക് നീതി ലഭിക്കുന്നില്ല?

വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിൽനിന്ന് മൂലമ്പിള്ളി - കോദാർഡ്-ചേരാനെല്ലൂർ-കളമശ്ശേരിയിലേക്കുള്ള ഹൈവേയുടെ ഭൂമി അക്വയർ ചെയ്യാനുള്ള നോട്ടിഫിക്കേഷൻ ഇറങ്ങിക്കഴിഞ്ഞു. പരിസ്ഥിതി മന്ത്രാലയത്തിന്റെ എന്നത്തേയും പോലെ 'കണ്ടീഷനോ'ടു കൂടിയ അനുമതിയും ലഭിച്ചു കഴിഞ്ഞു. അപരിഹാര്യമായ പാരിസ്ഥിതികാഘാതമാണ് ഇതോടൊപ്പമുള്ള റോഡ് ഉണ്ടാക്കാൻ പോകുന്നത്. തീരദേശ നിയന്ത്രണ നിയമങ്ങൾ ലംഘിച്ച് കായലും കണ്ടൽ തോടുകളും നശിപ്പിച്ചാണ് ഹൈവേ നിർമ്മിക്കുന്നത്. ഇവിടെയും ബദൽ മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ആര് ശ്രദ്ധിക്കാൻ? ജനങ്ങൾ അവിടെയും അനിശ്ചിതകാല സമരം തുടരുന്നു.

ഒടുവിൽ കിട്ടിയ വാർത്ത : പാവപ്പെട്ട കുറേപ്പേർ നാളുകളായി ഉന്നയിച്ചിരുന്ന തങ്ങളുടെ കിടപ്പാടം തകർക്കുന്ന ഈ റെയിൽ-റോഡ് പാത സമരം ഇപ്പോൾ ഊർജ്ജിതമായിരിക്കുന്നു. എന്നാൽ ഈ വാർത്ത കേരളത്തിലെ പത്രമാധ്യമങ്ങളിൽ വരാതായിരിക്കുന്നു! ദൃശ്യമാധ്യമങ്ങളിൽ അപൂർവ്വമായി മാത്രമേ ഇപ്പോൾ വരുന്നുള്ളൂ. പാവങ്ങളുടെ മുഖ്യമന്ത്രി അച്യുതാനന്ദനും ഇടതുപക്ഷവും ഭരിക്കുമ്പോൾ നടത്തുന്ന ഈ ജനവിരുദ്ധ നടപടിയിൽ ഉടനടി ഇടപെടേണ്ടതുണ്ട്. മുഖ്യമന്ത്രിക്ക്, രാഷ്ട്രീയ നേതൃത്വത്തിന് സന്ദേശമെത്തിക്കുക.

*കൂടുതൽ അറിയാൻ ബന്ധപ്പെടുക:*
*ആക്ഷൻ കൗൺസിൽ: ജെസ്റ്റിൻ ടോം. 9447912887.*
*മൂസക്കുട്ടി 9447153632*


## വായനക്കാരോടുള്ള അറിയിപ്പ്

സാമ്പത്തികവും സാങ്കേതികവുമായ കാരണങ്ങളാൽ കഴിഞ്ഞ ലക്കങ്ങൾ പേജ് കുറച്ചാണ് പ്രസിദ്ധീകരിക്കുന്നത്. വായനക്കാർ സഹകരിക്കണം.

**ദയവായി വരിസംഖ്യ ഉടൻതന്നെ പുതുക്കൂ**

കേരളീയം വരിസംഖ്യാനിരക്ക്
12 ലക്കം 180 രൂപ, അഞ്ചുവർഷം 1000 രൂപ
എം.ഒ./ഡിഡി/പി.ഒ./ചെക്ക് അയയ്ക്കുക

കേരളീയം

കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 9388872845, 9447674375